പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2471 17.08.2017-ലെ മറുപടി

# മുക്കം മേജർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോർജ് എം. തോമസ്: | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ) തിരുവമ്പാടി, കൊടുവള്ളി , കുന്ദമംഗലം എന്നീ മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മുക്കം മേജർ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | തിരുവമ്പാടി, കൊടുവള്ളി , കുന്ദമംഗലം എന്നീ മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br>1. ചാത്തമംഗലവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഇതിൽ ചാത്തമംഗലം, മാവൂർ, മുക്കം, കൊടുവള്ളി, കാരശ്ശേരി, ഓമശ്ശേരി, കിഴക്കോത്ത്, മടവൂർ, കൊടിയത്തൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു.<br>2. താമരശ്ശേരിയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഈ പദ്ധതിയിൽ താമരശ്ശേരി, കട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു. |
| ബി) പദ്ധതിയുടെ ഡി.പി .ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>സി) പ്രസ്തുത പദ്ധതി കിഫ്ബിയിലുൾപ്പെടുത്തി യാഥാർത്ഥ്യമാക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ? | ബി യും സി യും | ചാത്തമംഗലവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>താമരശ്ശേരിയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പി.ഇ.ആർ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ സർവെ, ഡിസൈനിംഗ് ചെയ്യേണ്ടതുണ്ട്. അതിനുശേഷം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഏത് ധന സ്രോതസ്സ് ഉപയോഗപ്പെടുത്തണം എന്ന് പരിശോധിക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ